# “ഹില്ല- ഞാമ്മരിക്കട്ടെ”

**കെ.എസ്.പ്രമോദ്**

വൈക്കം മുഹമ്മദ് ബഷീറിന്റെ പ്രശസ്തമായ ഒരു ചെറുകഥയുണ്ട് -**ഐഷുക്കുട്ടി.** പ്രസവം കാത്ത് വീട്ടുകാരിരിക്കുമ്പോഴും ഡോക്ടറെത്തിയില്ലെങ്കിൽ താൻ പ്രസവിക്കില്ലെന്ന് ശഠിച്ചു വേദന കടിച്ചമർത്തി ഇരിക്കുന്ന ഐഷുക്കുട്ടി. പണക്കാരായ അയൽവീട്ടുകാരൊക്കെ ഡോക്ടറെ കൊണ്ടുവന്ന് പ്രസവിക്കുമ്പോൾ താൻ കൊച്ചാകണോ?- ഒരിക്കലുമില്ല- ഡോക്ടറെത്താതെ താൻ പ്രസവിക്കില്ലെന്നും "ഞാമ്മരിക്കുകയാണെങ്കി മരിക്കട്ടെ" എന്നും ഐഷുക്കുട്ടി തീർത്തു പറയുന്നു.

ബഷീറിന്റെ ഈ കഥാപാത്രത്തെയാണ് ഇന്നത്തെ ആശുപത്രികളുടെ പ്രസവവാർഡുകളിൽ പോയാൽ ഓർമ്മ വരിക. ഡോക്ടറെത്തിയാലേ പ്രസവിക്കുകയുള്ളൂ എന്നല്ല പുതിയ ശാഠ്യം, സിസേറിയനായാലേ പ്രസവിക്കുകയുള്ളൂ എന്നതാണ്. സിസേറിയൻ പ്രസവം എന്ന ഫാഷൻ കേരളത്തിൽ പടരുകയാണ്. പ്രസവം കഴിഞ്ഞാൽ കുട്ടി ഏതെന്നു ചോദിക്കും മുമ്പേ സിസേറിയനായിരുന്നോ എന്നു ചോദിച്ചു തുടങ്ങിയിരിക്കുന്നു നമ്മൾ.

1985ലെ കണക്കുകളനുസരിച്ച് കേരളത്തിൽ 17% സിസേറിയൻ പ്രസവങ്ങളാണ് നടന്നിരുന്നതെങ്കിൽ 1995ലെ കണക്കനുസരിച്ച് ഇത് 25% ആയി വർധിച്ചിരിക്കുന്നു. ചില സന്ദർഭങ്ങളിൽ സിസേറിയൻ ഒഴിച്ചുകൂടാനാകാത്ത ഘടകമാണെങ്കിലും പലപ്പോഴും അനാവശ്യമായാണ് ഇത്തരം പ്രസവങ്ങൾ നടക്കുന്നത്. വേദനയും ബുദ്ധിമുട്ടുകളും സഹിക്കാൻ ആധുനിക വനിതകൾ തയാറാകാത്തത തന്നെയാണ് സിസേറിയൻ പ്രസവങ്ങൾ വർധിച്ചുവരുന്നതിനു കാരണം. സ്വകാര്യ ആശുപത്രികളുടെ പണക്കൊതിയും ഇതിനു വളം വയ്ക്കുന്നു. വൻകിട ആശുപത്രികളെ അപേക്ഷിച്ച് ചെറിയ ആശുപത്രികളിലാണ് സിസേറിയൻ കൂടുതൽ നടക്കുന്നത്. പെട്ടെന്ന് സിസേറിയൻ വേണ്ടിവരുന്ന ഒരു അടിയന്തര ഘട്ടത്തെ നേരിടാൻ സജ്ജരല്ലാത്ത അവർ അതുകൊണ്ടു തന്നെ കാത്തിരിക്കാൻ തയാറാകാതെ സിസേറിയൻ നടത്തുന്നു.

പ്രസവം സിസേറിയനാക്കുന്നതുകൊണ്ട് ഡോക്ടർക്കോ ആശുപത്രിക്കോ സാമ്പത്തിക നേട്ടമില്ലെന്നും ചെലവുകൾ കൂടുന്നത് മരുന്നിനുവേണ്ടിയും മറ്റ് ഓപ്പറേഷൻ ഉപകരണങ്ങൾക്കുവേണ്ടിയുമാണെന്ന് സ്വകാര്യ ആശുപത്രി അധികൃതർ പറയുന്നുണ്ടെങ്കിലും യാഥാർഥ്യം മറിച്ചാണ്.

മാനേജ്മെന്റ് നിർദേശമനുസരിച്ച് മാസത്തിൽ നിശ്ചിത സിസേറിയൻ പ്രസവങ്ങൾക്കു ശുപാർശ ചെയ്യാൻ പലപ്പോഴും ഗൈനക്കോളജിസ്റ്റുമാർ നിർബന്ധിതരാകുകയാണെന്ന് പരാതിയുണ്ട്.

എന്തായാലും മലയാളിയുടെ ആധുനിക ജീവിതശൈലിയിൽ സിസേറിയൻ പ്രസവങ്ങൾ മാന്യത നേടിക്കഴിഞ്ഞു. സിസേറിയൻ ആവശ്യപ്പെടുന്ന ഐഷുക്കുട്ടിമാരുടെ എണ്ണവും പെരുകിവരുന്നു.

**പ്രസവം കഴിഞ്ഞാൽ കുട്ടി ഏതെന്നു ചോദിക്കും മുമ്പേ സിസേറിയനായിരുന്നോ എന്നു ചോദിച്ചു തുടങ്ങിയിരിക്കുന്നു നമ്മൾ.**

**1985ലെ കണക്കുകളനുസരിച്ച് കേരളത്തിൽ 17% സിസേറിയൻ പ്രസവങ്ങളാണ് നടന്നിരുന്നതെങ്കിൽ 1995ലെ കണക്കനുസരിച്ച് ഇത് 25% ആയി വർധിച്ചിരിക്കുന്നു.**